**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1539** **03-02-2026 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ഭൂമിപ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി താലൂക്കിൽ വർഷങ്ങളായി കൈവശം വച്ച് കൃഷി ചെയ്ത് വരുന്ന കർഷകരുടെ ഭൂമിക്ക് നികുതി അടയ്ക്കാൻ സാധിക്കാത്തതും തണ്ടപ്പേർ ലഭിക്കാത്തതും നിമിത്തം ഭൂവുടമകൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ അഗളി വില്ലേജിലെ കാവുണ്ടിക്കൽ ഇരട്ടക്കുളത്തിൽ കൃഷ്ണസ്വാമിയുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണത്തിലേക്ക് നയിച്ച വിഷയങ്ങൾ പരിശോധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റവന്യൂ (എ & എൽ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. അനു.എസ് നായരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ച് 23.10.2025 ലെ സ.ഉ(സാധാ)നം.2444/2025/റവ നമ്പർ ഉത്തരവ് ആയിരുന്നു. |
| (ബി) | അട്ടപ്പാടിയിലെ ഭൂവിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിയമിച്ച പ്രത്യേക അന്വേഷണസംഘം സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | അട്ടപ്പാടിയിലെ ഭൂവിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ മന്ത്രി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ സെക്രട്ടറി നിയമിച്ച അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1. അവകാശത്തിന്റെ (title) യോ സ്ഥലപരിശോധനയുടെയോ (field verfication) യാതൊരു വിശദമായ പരിശോധനകൾ കൂടാതെ മ്യൂട്ടേഷൻ നടപടികൾ ആരംഭിച്ചതായി കണ്ടെത്തിയതിനാൽ ഇതേ സ്വഭാവത്തിലുള്ള മറ്റ് കേസുകളുണ്ടോയെന്ന് കണ്ടെത്തി അവയും അടിയന്തിരമായി അന്വേഷിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br><br>2. ലൈസൻസുള്ള ആധാരം എഴുത്തുകാർ (licensed document writers), സബ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥർ, ചില വില്ലേജ് ജീവനക്കാർ എന്നിവർ നിലവിലുള്ള നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിരിക്കാമെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ വിശദമായ |

പരിശോധന നടത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

3. യഥാർത്ഥ അവകാശമോ നിയമപരമായ കൈവശമോ ഇല്ലാതെ ഭൂമി കയ്യേറുന്നതിനായി സമാന സ്വഭാവത്തിലുള്ള രേഖകൾ മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും, അവയുടെ അടിസ്ഥാനത്തിൽ മതിയായ പരിശോധന കൂടാതെ മ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

4. പ്രസ്തുത കേസിൽ മ്യൂട്ടേഷൻ ആരംഭിച്ച സമയത്തെ വില്ലേജ് ഓഫീസറായിരുന്ന ഉദ്യോഗസ്ഥയെ ആരോപണങ്ങളുടെ ഗൗരവം കണക്കിലെടുത്ത് അന്വേഷണം പൂർത്തിയാകുന്നതുവരെ അവരെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റുവാൻ ലാൻ്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

5. അട്ടപ്പാടി താലൂക്കിലെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ റീസർവേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ശരിയായ മ്യൂട്ടേഷൻ അടിസ്ഥാനമാക്കി നൽകിയതല്ലെങ്കിൽ നിലവിലുള്ള രേഖകളും താൽക്കാലിക നികുതി രസീതുകളും അവകാശത്തിന്റെ ഉറപ്പായ തെളിവായി കണക്കാക്കാൻ കഴിയുന്നതല്ല. അതിനാൽ, സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് തയ്യാറാക്കപ്പെടുന്ന അടിസ്ഥാന നികുതി രജിസ്റ്റർ (BTR) ഒരു റവന്യൂ ഉദ്യോഗസ്ഥ സംഘത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

6. അട്ടപ്പാടി താലൂക്കിലെ വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സർക്കാർ അനുമതി നിർബന്ധമാണെന്ന് ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർക്കും, സർവെ ഡയറക്ടർക്കും (DSLR) ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. സർക്കാർ ഭൂമിയോ ആദിവാസി ഭൂമിയോ നിയമവിരുദ്ധമായി കൈമാറ്റം ചെയ്തിട്ടില്ലെന്ന് ഉറപ്പാക്കുന്നതിനും അവകാശ പരിശോധന നടത്തുന്നതിനുമായി, ഡിജിറ്റൽ സർവേ രേഖകൾ, എ & ബി രജിസ്റ്ററുകൾ, സെറ്റിൽമെന്റ് രജിസ്റ്റർ എന്നിവയും അവയുമായി ബന്ധപ്പെട്ട് കൈവശക്കാരുടെ പക്കലുള്ള രേഖകളും പരിശോധിക്കുന്നതിനായി പ്രത്യേക സംഘത്തെ

| | | | |
|---|---|---|---|
| | | | നിയോഗിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേ ശം നൽകിയിട്ടുണ്ട്.<br><br>8. നിയമ വിരുദ്ധമായ രീതിയിൽ ആധാരം രജിസ്റ്റർ ചെയ്ത് നൽകിയതിന് പിന്നിൽ രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെയും, ലൈസൻസ്ഡ് ആധാരം എഴുത്തുകാരുടെയും പങ്കിനെ കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ രജിസ്ട്രേഷൻ വകുപ്പിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നികുതി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അർഹരായ മുഴവൻ കർഷകരുടെയും ഒരു തുണ്ട് ഭൂമി പോലും നഷ്ടപ്പെടാതെ മുഴവൻ ഭൂമി കണ്ടെത്തി ലഭ്യമാക്കി കൊണ്ട് അവരെ ചേർത്ത് പിടിക്കുക എന്നതാണ് സർക്കാർ നയം. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ആരായാലും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ട് വന്ന് മുഖം നോക്കാതെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | അട്ടപ്പാടിയിലെ ഭൂവിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ മന്ത്രി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ സെക്രട്ടറി നിയമിച്ച അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1. അവകാശത്തിന്റെ (title) യോ സ്ഥലപരിശോധനയുടെയോ (field verfication) യാതൊരു വിശദമായ പരിശോധനകൾ കൂടാതെ മ്യൂട്ടേഷൻ നടപടികൾ ആരംഭിച്ചതായി കണ്ടെത്തിയതിനാൽ ഇതേ സ്വഭാവത്തിലുള്ള മറ്റ് കേസുകളുണ്ടോയെന്ന് കണ്ടെത്തി അവയും അടിയന്തിരമായി അന്വേഷിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br><br>2. ലൈസൻസുള്ള ആധാരം എഴുത്തുകാർ (licensed document writers), സബ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥർ, ചില വില്ലേജ് ജീവനക്കാർ എന്നിവർ നിലവിലുള്ള നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിരിക്കാമെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br><br>3. യഥാർത്ഥ അവകാശമോ നിയമപരമായ കൈവശമോ ഇല്ലാതെ ഭൂമി കയ്യേറുന്നതിനായി സമാന സ്വഭാവത്തിലുള്ള രേഖകൾ മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും, അവയുടെ അടിസ്ഥാനത്തിൽ മതിയായ പരിശോധന കൂടാതെ മ്യൂട്ടേഷൻ |

അനുവദിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

4. പ്രസ്തുത കേസിൽ മ്യൂട്ടേഷൻ ആരംഭിച്ച സമയത്തെ വില്ലേജ് ഓഫീസറായിരുന്ന ഉദ്യോഗസ്ഥയെ ആരോപണങ്ങളുടെ ഗൗരവം കണക്കിലെടുത്ത് അന്വേഷണം പൂർത്തിയാകുന്നതുവരെ അവരെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റുവാൻ ലാൻറ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

5. അട്ടപ്പാടി താലൂക്കിലെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ റീസർവേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ശരിയായ മ്യൂട്ടേഷൻ അടിസ്ഥാനമാക്കി നൽകിയതല്ലെങ്കിൽ നിലവിലുള്ള രേഖകളും താൽക്കാലിക നികുതി രസീതുകളും അവകാശത്തിന്റെ ഉറപ്പായ തെളിവായി കണക്കാക്കാൻ കഴിയുന്നതല്ല. അതിനാൽ, സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് തയ്യാറാക്കപ്പെടുന്ന അടിസ്ഥാന നികുതി രജിസ്റ്റർ (BTR) ഒരു റവന്യൂ ഉദ്യോഗസ്ഥ സംഘത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

6. അട്ടപ്പാടി താലൂക്കിലെ വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സർക്കാർ അനുമതി നിർബന്ധമാണെന്ന് ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർക്കും, സർവെ ഡയറക്ടർക്കും (DSLR) ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. സർക്കാർ ഭൂമിയോ ആദിവാസി ഭൂമിയോ നിയമവിരുദ്ധമായി കൈമാറ്റം ചെയ്തിട്ടില്ലെന്ന് ഉറപ്പാക്കുന്നതിനും അവകാശ പരിശോധന നടത്തുന്നതിനുമായി, ഡിജിറ്റൽ സർവേ രേഖകൾ, എ & ബി രജിസ്റ്ററുകൾ, സെറ്റിൽമെന്റ് രജിസ്റ്റർ എന്നിവയും അവയുമായി ബന്ധപ്പെട്ട് കൈവശക്കാരുടെ പക്കലുള്ള രേഖകളും പരിശോധിക്കുന്നതിനായി പ്രത്യേക സംഘത്തെ നിയോഗിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേ ശം നൽകിയിട്ടുണ്ട്.

8. നിയമ വിരുദ്ധമായ രീതിയിൽ ആധാരം രജിസ്റ്റർ ചെയ്ത് നൽകിയതിന് പിന്നിൽ രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെയും, ലൈസൻസ്ഡ് ആധാരം എഴുത്തുകാരുടെയും പങ്കിനെ കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ രജിസ്ട്രേഷൻ വകുപ്പിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ

| | | | |
|---|---|---|---|
| | | | നികുതി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ കർഷകരുടെയും ഒരു തുണ്ട് ഭൂമി പോലും നഷ്ടപ്പെടാതെ മുഴുവൻ ഭൂമി കണ്ടെത്തി ലഭ്യമാക്കി കൊണ്ട് അവരെ ചേർത്ത് പിടിക്കുക എന്നതാണ് സർക്കാർ നയം. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ആരായാലും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ട് വന്ന് മുഖം നോക്കാതെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ